12084
17/11/14

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - പ്രോഗ്രാം ഓഫീസർ തസ്തികയിലെ സ്ഥലം മാറ്റം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 670/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 14.11.2014.

================================================================================

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ) 653/14/സാ.നീ.വ. തീയതി 01.11.2014.
2. ശ്രീമതി.എസ്.എൻ.ശിവന്യയുടെ 06.11.2014-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ പ്രോഗ്രാം ഓഫീസർ ആയിരുന്ന ശ്രീമതി.എസ്.എൻ.ശിവന്യയെ കാസർഗോഡ് ജില്ലാ പ്രോഗ്രാം ഓഫീസറായി സ്ഥലം മാറ്റം നൽകി നിയമിക്കുകയും, കൊച്ചിൻ അർബൻ II, ശിശുവികസന പദ്ധതി ഓഫീസർ ആയിരുന്ന ശ്രീമതി.എസ്.ഗീതാകുമാരിക്ക് പ്രോഗ്രാം ഓഫീസർ ആയി ഉദ്യോഗക്കയറ്റം നൽകി കൊല്ലം ജില്ലയിൽ നിയമിക്കുകയും ചെയ്തിരുന്നു.

2. 12.05.2014-ൽ കൊല്ലം ജില്ലാ പ്രോഗ്രാം ഓഫീസറായി ജോലിയിൽ പ്രവേശിച്ച താൻ വൃദ്ധരായ മാതാപിതാക്കളുടെ ഏക മകളാണ് എന്നും, പിതാവ് കാൻസർ രോഗത്തിന് ചികിത്സയിലാണ് എന്നും, നിലവിലുള്ള അവസ്ഥ കണക്കിലെടുത്ത് തന്നെ കൊല്ലം ജില്ലയിൽ തന്നെ നിലനിർത്തണമെന്നും പരാമർശം (2) പ്രകാരം ശ്രീമതി.എസ്.എൻ.ശിവന്യ നിവേദനം സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.എസ്.എൻ.ശിവന്യയെ കൊല്ലം ജില്ലാ പ്രോഗ്രാം ഓഫീസർ തസ്തികയിൽ നിലനിർത്തി കൊണ്ടും, പാലക്കാട് ജില്ലാ പ്രോഗ്രാം ഓഫീസറായ ശ്രീമതി.ബിന്ദു ഗോപിനാഥിനെ തിരുവനന്തപുരം ജില്ലാ പ്രോഗ്രാം ഓഫീസറായി സ്ഥലംമാറ്റി നിയമിച്ചു കൊണ്ടും, ശ്രീമതി.എസ്.ഗീതാകുമാരിയെ പാലക്കാട് ജില്ലാ പ്രോഗ്രാം ഓഫീസറായി നിയമിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൻ.ബി.കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജീവനക്കാർക്ക് (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Jayasree

സെക്ഷൻ ഓഫീസർ